## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5786

### 19-11-2019 - ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി സ് കൂളുകൾക്ക് ബസ്**

| ചോദ്യം<br>**ശ്രീ. കെ.എൻ.എ ഖാദർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) എം.എൽ.എ. -മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി സ് കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പ്രവൃത്തിയുടെ ചുമതല നിർവഹിക്കൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടും പ്രൊപ്പോസലുകൾ വീണ്ടും സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>സി) **2018-19** ലെ ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തി സ് കൂൾ ബസ് വാങ്ങി നൽകുന്നതിനുള്ള ഏതെങ്കിലും പ്രൊപ്പോസലുകൾ ഒന്നിൽ കൂടുതൽ പ്രാവശ്യം ധനകാര്യവകുപ്പിന്റെ അനുമതിയ്ക്കായി ' ലഭ്യമാക്കിയിട്ടുണ്ടോ; അതിനു കാരണം വിശദമാക്കുമോ? | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ് കൂൾ ബസ് വാങ്ങി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ.ഉ(അ) നം.**178/2016**/ധന തീയതി **09/12/2016** പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. **2017-18** സാമ്പത്തിക വർഷം മുതൽ സ് കൂൾ ബസുകൾ വാങ്ങുന്നതിനായി ബഹു.എം.എൽ.എ മാർ സമർപ്പിക്കുന്ന ശിപാർശകൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണ്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ബഹു.എം.എൽ.എ മാർ സമർപ്പിക്കുന്ന ഇത്തരം ശിപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കേണ്ടതില്ല. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബസ് വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടത് ബന്ധപ്പെട്ട പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാരാണ്. സ് കൂൾ ബസ് വാങ്ങുന്നതിനുള്ള ചെലവ് വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധികാരിയായിട്ടുള്ള **'4202-01-800-84-Projects Under LAC-ADS-Other Projects (NP)'** എന്ന ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ നിന്ന് ഫണ്ട് അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് നൽകിയ ഫയലുകൾക്ക് ധനകാര്യ വകുപ്പ് മറുപടി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**